Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

29.10.2018

All Kerala Press Release
*Ref: 638/KCBC/K-6/KPR/DS*

# വിശ്വാസവിരുദ്ധ പരാമർശം - സർക്കാർ നടപടി സ്വീകരിക്കണം: കെസിബിസി

കൊച്ചി: ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായ കുമ്പസാരം എന്ന വിശുദ്ധ കൂദാശയെ നിന്ദിച്ചും അവഹേളിച്ചും കേരളാഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിജ്ഞാനകൈരളി മാസികയിൽ പ്രഫ. വി. കാർത്തികേയൻ നായർ നടത്തിയ പരാമർശനം ക്രൈസ്തവരെ മാത്രമല്ല, മതസ്വാതന്ത്ര്യത്തിലും ജനാധിപത്യമൂല്യങ്ങളിലും വിശ്വസിക്കുന്ന എല്ലാവരേയും അസ്വസ്ഥരാക്കുന്നതാണ്.

നാഷണൽ സർവീസ് സ്കീം (എൻ.എസ്.എസ്) വൊളന്റീയർമാരിലൂടെ സംസ്ഥാനത്തെ സ്കൂളുകളിൽ വിതരണം ചെയ്യുന്ന പ്രസ്തുത മാസികയിലെ പരാമർശം നിരുത്തരവാദപരവും ദുരുദ്ദേശ്യപരവും ഭരണഘടന ഉറപ്പുനല്കുന്ന മതസ്വാതന്ത്യത്തിന്റെ ലംഘനവുമാണ്. സർക്കാരിന്റെ ഉത്തരവാദിത്വപ്പെട്ട സ്ഥാപനത്തിൽ നിന്നുമുണ്ടാകുന്ന ഇത്തരം നീക്കങ്ങൾ ആശങ്കാജനകമാണ്. "ഇനിമുതൽ ഒരു സ്ത്രീയും കാമുകിയായാലും കർത്താവിന്റെ മണവാട്ടിയായാലും ആരുടേയും മുമ്പിൽ കുമ്പസാരിക്കരുത് "എന്ന പരാമർശം പ്രത്യേകിച്ച് ക്രൈസ്തവ സ്ത്രീകളേയും സന്ന്യാസിനികളേയും അവഹേളിക്കുന്നതു മാത്രമല്ല പുതുതലമുറയിൽ മതനിരാസം വളർത്താനുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഭാഗംകൂടിയാണ്. ജനാധിപത്യ മൂല്യങ്ങളും മതസ്വാതന്ത്യവും ഉറപ്പുവരുത്താൻ ബാധ്യതയുള്ള സർക്കാർ സ്വന്തം പ്രസിദ്ധീകരണത്തിലൂടെ വിദ്യാർത്ഥികളിൽ മതവിരുദ്ധ ചിന്താഗതി വളർത്താൻ ശ്രമിക്കുന്നത് ഉത്തരവാദിത്വപ്പെട്ടവർ കണ്ടില്ലെന്നു നടിക്കുന്നത് അപലനീയമാണ്. മാസങ്ങൾക്കുമുമ്പ് ദേശീയ വനിതാ കമ്മീഷൻ അംഗം കുമ്പസാരമെന്ന കൂദാശയെ നിരോധിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതിനെതിരേ പ്രതികരിച്ച ഇടതു രാഷ്ട്രീയ നേതാക്കൾ ഇത്തരത്തിലുള്ള ഒരു പ്രസിദ്ധീകരണത്തെക്കുറിച്ച് പല തലങ്ങളിൽ നിന്നും ആക്ഷേപം ഉണ്ടായിട്ടും ഇതുവരെയും ഒരു നിലപാടും വ്യക്തമാക്കാത്തത് ദുരൂഹമാണ്. വിദ്യാർത്ഥികൾക്ക് വിജ്ഞാനം പകരുന്നു എന്നവകാശപ്പെടുന്ന വിജ്ഞാന കൈരളി മാസിക സർക്കാരിന്റെ വിശ്വാസ വിരുദ്ധ നിലപാടിനെയാണോ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മതനിന്ദയും മതവിദ്വേഷവും സൃഷ്ടിക്കുന്ന ഇത്തരം പരാമർശങ്ങൾ നടത്തുന്നവർക്കെതിരേ ബന്ധപ്പെട്ടവർ ശക്തമായ നടപടികൾ സ്വീകരിക്കുകയും വിശ്വാസീസമൂഹം അതീവ ജാഗ്രത പുലർത്തുകയും വേണമെന്ന് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ടിന്റെ അധ്യക്ഷതയിൽ പിഒസിയിൽ ചേർന്ന കെസിബിസി ഐക്യജാഗ്രതാ സമിതിയുടെ അവലോകനയോഗം ആവശ്യപ്പെട്ടു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി.എസ്.റ്റി**
സെക്രട്ടറി
കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ

PRESIDENT
MOST REV. DR. SOOSA PAKIAM
Archbishop of Trivandrum,
Archbishop's House,
Vellayambalam, Kawdiar P.O,
Trivandrum 695 003.
Ph: 0471 2724001, 2724002, Fax: 0471 2725001
E-mail: archbishop@archtvm.in

VICE-PRESIDENT
DR. YOOHANON MAR CHRYSOSTOM
Bishop of pathanamthitta
Santhome Catholic Bishop's House
St. Peter's Junction
Pathanamthitta – 689 645
Ph: 0468-2223100, Fax: 0468-2223100
Email: bpdiopta@gmail.com

SECRETARY GENERAL
MAR MATHEW MOOLAKKATT
Archbishop of Kottayam
Catholic Archbishop's House,
P.B. No. 71, Kottayam 686 001.
Ph: 0481 2563527, 2563812, Fax: 0481 2563327
E-mail: marmosb@yahoo.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815,
Fax: 2806214
E-mail: vallikkatt@gmail.com